# പരിസ്ഥിതി സംരക്ഷണത്തിന് ആര് വോട്ടുചെയ്യുന്നു ?

സ്വന്തം ലേഖകൻ

എറണാകുളം : കേരളത്തിന്റെ വ്യവസായ വാണിജ്യ തലസ്ഥാനമായ കൊച്ചിയുടെ സമീപ പ്രദേശമായ ഏലൂരും ലോകത്തിലെ തന്നെ ഏറ്റവുമധികം മലിനീകരിക്കപ്പെട്ട പ്രദേശമാണ്. 247 രാസക്കമ്പനികളുടെ മാലിന്യം വന്നു വീഴുന്നത് പെരിയാറിലാണ്. മുപ്പതു ലക്ഷം പേരുടെ കുടിവെള്ളത്തിൽ വിഷം കലരുന്നതുപോലും തെരഞ്ഞെടുപ്പിൽ ഒരു വിഷയമാകുന്നില്ലെന്നാണ് ഗ്രീൻപീസ് നടത്തിയ സ്ഥാനാർത്ഥി സംഗമത്തിൽ ഉയർന്നുവന്ന അഭിപ്രായം. "നമ്മുടെ ഭൂമിക്ക് വോട്ടുചെയ്യുക എന്നതായിരുന്നു പരിപാടി. മൂന്നു പ്രമുഖ മുന്നണികളിലെ സ്ഥാനാർത്ഥികളെയും വിളിച്ചിരുന്നെങ്കിലും സംഗമത്തിനെത്തിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി സ്ഥാനാർത്ഥിയായ ഡോ. സെബാസ്റ്റ്യൻ പോൾ മാത്രം. യു.ഡി.എഫ്.നുവേണ്ടി കോൺഗ്രസിന്റെ സാമ്പത്തിക വിദഗ്ദ്ധനും ജി.സി.ഡി.എ. ചെയർമാനുമായ പ്രൊഫ. ആന്റണി ഐസക് എത്തി. "പെരിയാർ നദിയെ സംരക്ഷിക്കുമെന്ന് ഞാൻ ഇത്തരം പ്രാദേശിക പ്രശ്നങ്ങൾ പരിഹരിക്കലല്ല. ദേശീയ തലത്തിലുള്ള നയ-നിയമ നിർമ്മാണം നടത്തലാണ്. പരിസ്ഥിതി-വികസനം മുതലായവയിലെ നയങ്ങൾ "അതിന്റെ ഭാഗമാണ്" സെബാസ്റ്റ്യൻ പോൾ തുടർന്നു. പെരിയാർ സംരക്ഷണത്തിനുവേണ്ടി 'റിവർ അഥോറിട്ടി' രൂപീകരിക്കുമെന്ന തന്റെ മാനിഫെസ്റ്റോവിലുണ്ട് എന്നും അദ്ദേഹം പറഞ്ഞു. പരിസ്ഥിതിയും സുസ്ഥിരവികസനവും ജനകീയ അജണ്ടയാക്കാൻ ഗ്രീൻപീസ് പോലുള്ള സംഘടനകൾക്കു കഴിഞ്ഞാൽ മാത്രമേ ഇന്നത്തെ അവസ്ഥയിൽ മാറ്റം വരൂ.

ഭൂമി, വെള്ളം, ജീവൻ എന്നിവ യുവതലമുറയുടെ ആശങ്കാ പട്ടികകളിൽ പെടുന്നുണ്ടെന്ന് ആമുഖമായി പറഞ്ഞുകൊണ്ടാണ് സ്ഥാനാർത്ഥികളെ ചർച്ചക്കു ക്ഷണിച്ചത്. തങ്ങളുടെ ജീവിതം നിലനിൽക്കില്ലെന്ന അവസ്ഥയിൽ ജനങ്ങൾ പ്രതികരിക്കുമെന്ന് കരിമുകൾ കാർബൺ വിരുദ്ധ സമരത്തെ ഉദാഹരണമാക്കിക്കൊണ്ട് സെബാസ്റ്റ്യൻ പോളും വാഗ്ദാനം ചെയ്താൽ അതുകൊണ്ടുമാത്രം ഒരൊറ്റ വോട്ടു പോലും കൂടുതൽ കിട്ടില്ല.... പരിസ്ഥിതി സംരക്ഷണം തെരഞ്ഞെടുപ്പിൽ ഒരു വിഷയമേയല്ല.... വികസനമെന്നാൽ ഓരോ വ്യക്തിക്കും കുടുംബത്തിനും പ്രദേശത്തിനും അധികസൗകര്യങ്ങൾ ഉണ്ടാക്കലാണെന്നതാണ് പൊതു സമൂഹത്തിന്റെ നിലപാട്.... ഒരു പാർലമെന്റ് അംഗത്തിന്റെ പണി സമ്മതിച്ചു.

പരിസ്ഥിതിക്കുമേൽ തൊഴിലും വികസനവുമാണ് പ്രധാനമെന്നതാണ് ആന്റണി ഐസക്കിന്റെ നിലപാട് പിന്നോക്കരാജ്യമായിരുന്ന ഇന്ത്യയെ വളർത്താനുള്ള പരിപാടി, സ്വാതന്ത്ര്യാനന്തരം, തയ്യാറാക്കിയപ്പോൾ പാരിസ്ഥിതികമായ ആശങ്കകൾ കണക്കിലെടുത്തില്ല. അതു തിരുത്തണം. അതിനാവശ്യമായ നിയമങ്ങൾ നിലവിലുണ്ട്. പക്ഷെ ഉദ്യോഗസ്ഥർ അതു നടപ്പിലാക്കാൻ ശ്രമിക്കാത്തതാണ് പ്രശ്നമെന്ന അദ്ദേഹത്തിന്റെ അഭിപ്രായത്തെ പലരും ചോദ്യം ചെയ്തു. രാഷ്ട്രീയ സംവിധാനത്തിന്റെ ഇച്ഛാശക്തിയില്ലായ്മയാണു പ്രശ്നമെന്ന് ശക്തിയായി വാദിച്ചു.

ഗ്രീൻപീസിന്റെ പോസ്റ്റർ പ്രദർശനവും ഇത്തരം രാഷ്ട്രീയ ഇടപെടലും എല്ലാ സംസ്ഥാനങ്ങളിലും നടത്തുന്നുണ്ട്. ഒട്ടേറെ പരിസ്ഥിതി സംഘടനകളും സമരസംഘടനകളും വ്യക്തികളും യോഗത്തിൽ പങ്കെടുത്തു.

ഏറ്റവും നവീനമായി തോന്നിയത് രാഷ്ട്രീയ കക്ഷികളുടെ ചിഹ്നങ്ങൾക്ക് നൽകിയ പുതിയ അർത്ഥങ്ങളാണ്.

# നമ്മുടെ ഭൂമിക്ക് ഒരു വോട്ട് – ഗ്രീൻപീസ്

ആരതി ധാർ

രാജ്യം മുഴുവൻ ഇലക്ഷൻ ജ്വരത്തിൽ മുങ്ങിയിരിയ്ക്കുമ്പോൾ, പരിസ്ഥിതി സംഘടനയായ ഗ്രീൻ പീസ് ഇന്ത്യ ഇതിൽ നിന്നും വേറിട്ട ഒരു പ്രചരണത്തിൽ മുഴുകിയിരിയ്ക്കുകയാണ്. 'ഭൂമിക്ക് വോട്ടുചെയ്യുക' എന്ന് മുദ്രാവാക്യവുമായി പരിസ്ഥിതി പ്രശ്നങ്ങൾ ഇലക്ഷൻ അജണ്ടയിൽ ഉൾപ്പെടുത്തുകയാണ് ലക്ഷ്യം.

തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ രാജ്യത്തെ പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം, പുഴയും, തടാകങ്ങളും, കുളങ്ങളും സംരക്ഷിയ്ക്കണം എന്നും, വ്യവസായ സ്ഥാപനങ്ങൾ മൂലമുള്ള മലിനീകരണങ്ങളിൽ നിന്നും മാറി പരിസ്ഥിതിയെ മലിനപ്പെടുത്താതെയുള്ള ഉൽപാദനങ്ങളിൽ ശ്രദ്ധിയ്ക്കണം എന്നുമൊക്കെയുള്ള കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുള്ള ഭരണമായിരിയ്ക്കണം എന്ന് ആവശ്യപ്പെടുകയാണ് ഗ്രീൻ പീസ് ഇന്ത്യ. കീടനാശിനികളേയും, ജനിതകമാറ്റം വരുത്തിയ കൃഷി വിഭവങ്ങളേയും നിരോധിക്കാതെ, നിലനിർത്താവുന്ന കാർഷിക രീതികളെ പ്രോത്സാഹിപ്പിയ്ക്കണം, പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള ദേശീയവും അന്തർദേശീയവുമായ നിയമങ്ങളെ അനുസരിയ്ക്കാൻ സ്ഥാപനങ്ങൾക്ക് ഉത്തരവാദിത്വമുണ്ടാകണമെന്നും മഹായനം എന്നും അവർ നിർദ്ദേശിച്ചു.

അസ്ഥികൂടങ്ങളുടെ വേഷം ധരിച്ച് കേരളത്തിലെ പ്രാദേശിക പരിസ്ഥിതി പ്രവർത്തകരും, ഗ്രീൻപീസ് പ്രവർത്തകരും ചേർന്ന് സമ്മതിദായകരുമായി സംസാരിച്ചു. ഏലൂർ, കൊച്ചി, പെരിയാർ എന്നീ സ്ഥലങ്ങൾ മാലിന്യരഹിതമാക്കാൻ വോട്ടു ചെയ്യണമെന്ന് അവർ ആവശ്യപ്പെട്ടു. സഞ്ചരിയ്ക്കുന്ന ബാലറ്റ് പേപ്പറിൽ ജനങ്ങളെക്കൊണ്ട് വോട്ട് ചെയ്യിക്കുകയും ചെയ്തു.

"പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടിയുടെ ഇലക്ഷൻ മാനുഫെസ്റ്റോയിൽ പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഒട്ടും പ്രാധാന്യം ഇല്ല. പകരം മറ്റു രാഷ്ട്രീയ പാർട്ടികളെ വെല്ലുവിളിയ്ക്കുന്നതും, സ്ഥാനാർത്ഥികളെ വെല്ലുവിളിയ്ക്കുന്നതുമാണ് കണ്ടുവരുന്നത്. ഈ വാഗ്ദ്വരണികളിൽനിന്ന് മാറി സമ്മതിദായകർക്ക് അവർ ജീവിക്കുന്ന ചുറ്റുപാടിനെക്കുറിച്ചുള്ള ഉൽക്കണ്ഠ ഉണ്ടാക്കേണ്ടതുണ്ട്." ഗ്രീൻപീസ് പ്രവർത്തകൻ സഞ്ജയ് ഗോപാൽ പറഞ്ഞു.

*അവലംബം : ഹിന്ദു, വിവ: എസ്. അമീർ*

## തെരഞ്ഞെടുപ്പ് ചിഹ്നങ്ങൾ – പുതിയ അർത്ഥതലങ്ങൾ



| **അരിവാൾ ചുറ്റിക** | **കൈപ്പത്തി** | **കലപ്പയേന്തിയ കർഷകൻ** | **താമര** | **ഉദയസൂര്യൻ** | **രണ്ടില** |
| --- | --- | --- | --- | --- | --- |
| മാലിന്യമില്ലാത്ത ഉൽപാദനം | മലിനീകരണം നിർത്തുക | ജനിതക വിത്തുകൾ ഉപേക്ഷിക്കുക | നദികളെ സംരക്ഷിക്കുക | സൗരോർജ്ജം ഉപയോഗിക്കുക | ജൈവവൈവിധ്യം സംരക്ഷിക്കുക |